## പതിനഞ്ചാം കേരള നിയമസഭ

**പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി**
**(2023-2026)**

**പത്തൊമ്പതാമത് റിപ്പോർട്ട്**

**[സമിതി (2019-21) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള ഹർജികൾ സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2025 സെപ്തംബർ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

RJ

പതിനഞ്ചാം കേരള നിയമസഭ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

പത്തൊമ്പതാമത് റിപ്പോർട്ട്

[സമിതി (2019-21) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള ഹർജികൾ സംബന്ധിച്ച് ) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

(2025 സെപ്റ്റംബർ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | |
| ആമുഖം | .. | |
| റിപ്പോർട്ട് | .. | |
| അദ്ധ്യായം I. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | .. | |
| അദ്ധ്യായം II. റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധികവിവരം സംബന്ധിച്ച വിശദാംശം | .. | |

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-26)

### ഘടന

**ചെയർപേഴ്സൺ**

ശ്രീ. എ. സി. മൊയ്തീൻ

**അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ജാഫർഖാൻ എ., ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആനന്ദ്. കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-21) യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള ഹർജികൾ സംബന്ധിച്ച്) 2021 ജനുവരി 13 ന് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ രണ്ട് അധ്യായങ്ങളാണുള്ളത്. സമിതി(2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഒന്നാം അധ്യായത്തിലും റിപ്പോർട്ടിന്മേൽ ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശയിന്മേലുള്ള അധികവിവരം സംബന്ധിച്ച വിശദാംശം രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 ആഗസ്റ്റ് 18 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2025, സെപ്റ്റംബർ 17.

**എ. സി. മൊയ്തീൻ,**
*ചെയർപേഴ്സൺ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

## റിപ്പോർട്ട്

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്ന സമിതി(2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് 2021 ജനുവരി 13-ന് സഭയിൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 5 ശിപാർശകളാണ് ഉണ്ടായിരുന്നത്. ആയതിൽ, ശിപാർശ നമ്പർ 3-ൽ സമിതി ആരാഞ്ഞ അധിക വിവരം ഒഴികെ എല്ലാ ശിപാർശകളിന്മേലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുകയും ആയത് 23.11.2022, 04.09.2024 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും അദ്ധ്യായം-I ആയും, റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശയിന്മേലുള്ള അധികവിവരം ആരാഞ്ഞത് സംബന്ധിച്ച വിശദാംശം അദ്ധ്യായം-II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### അദ്ധ്യായം – I

സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും.

### ശിപാർശ –1

പ്രവാസിക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി ക്രിയാത്മക പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പ്രവാസികൾ വർഷങ്ങളോളം ഗൾഫ്/ഇതര രാജ്യങ്ങളിൽ

പണിയെടുത്ത് തിരികെ നാട്ടിലെത്തുന്നത് പ്രമേഹം/വൃക്ക/കരൾ/ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവയോടൊപ്പമാണ് എന്ന വസ്തുത ഖേദകരമാണ്. ഇവരുടെ ചകിത്സക്കായി 'സാന്ത്വന' പോലുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും വളരെയധികം സാമ്പത്തിക ബാദ്ധ്യത വരുന്ന ഇത്തരം ചികിത്സക്കായി പ്രവാസികളെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് നിർദ്ധനരായ പ്രവാസികൾക്ക് മികച്ച ചികിത്സാസൗകര്യം ഒരുക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് നൂതനപദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ ടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ വഴി 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാ സഹായം ലഭ്യമാകുന്നതാണ്. 2018-19 കാലയളവിലെ RSBY-CHIS ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകൾ വഴി ടി പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011 പ്രകാരം പിന്നോക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും പദ്ധതിയിൽ അംഗത്വമെടുക്കാൻ അർഹതയുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ) കുടുംബത്തിന് മുഴുവനായി ലഭിക്കുന്നതാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്ന പ്രവാസികൾക്ക് മേൽ സൂചിപ്പിച്ച പദ്ധതികൾ വഴി സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

ആരോഗ്യ കുടുംബക്ഷേമ(എം)വകുപ്പ് 08.08.2022-ലെ എം4/7/2022/Health നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 23.11.2022-ലെ യോഗത്തിൽ അംഗീകരിച്ചു.

പ്രവാസി ജീവിതത്തിനുശേഷം നാട്ടിൽ തിരികെയെത്തി ദുരിതമനുഭവിക്കുന്ന കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയാണ് സാന്ത്വന പദ്ധതി. ടി പദ്ധതി പ്രകാരം വാർഷിക വരുമാനം 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും (50000/- രൂപ വരെ) പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക്, വീൽ ചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിനും (10,000/- രൂപ വരെ) ഒറ്റ തവണയായി സഹായം നൽകി വരുന്നു.

പ്രവാസി ക്ഷേമനിധിയിലെ സജീവ അംഗത്തിന് അംഗത്വ കാലയളവിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിച്ചു വരുന്നുണ്ട്. കൂടാതെ പ്രവാസി ഐ.ഡി. കാർഡ് ഉടമകൾക്ക് അപകടം മൂലമുള്ള മരണത്തിനു നാല് ലക്ഷം രൂപയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. NRK-Insurance card സ്കീമിൽ അംഗമാകുന്നവർക്ക് 3 വർഷത്തെ അപകട ഇൻഷ്വറൻസ് പരിരക്ഷ (അപകടം മൂലമുള്ള മരണത്തിനു നാല് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള ഭാഗികമോ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയും) ലഭിക്കുന്നതുമാണ്. വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതരരോഗമുണ്ടായാൽ ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് നോർക്ക പ്രവാസി രക്ഷ ഇൻഷ്വറൻസ് പോളിസി. കൂടാതെ രണ്ട് ലക്ഷം രൂപയുടെ വ്യക്തിഗത അപകട ഇൻഷ്വറൻസ് കവറേജ് കൂടി ഇതിനോടൊപ്പം ലഭിക്കുന്നു. ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കേരളീയ പ്രവാസികാര്യ(ബി)വകുപ്പ് 19.08.2024-ലെ ബി2/282/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 04.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.

**ശിപാർശ നം. 2**

അംഗീകൃത സംവിധാനങ്ങൾ വഴി പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളമെന്നത് അഭിമാനാർഹമാണ്. പ്രവാസിപ്പണത്തിന്റെ ഏകദേശം 27%വും എത്തുന്നത് യു.എ.ഇ. യിൽ നിന്നാണ്. വിസ അനുവദിക്കുന്നതിലും ഈ രാജ്യം പ്രഥമസ്ഥാനം വഹിക്കുന്നുണ്ട്. എമിഗ്രേഷൻ നടപടികളിൽ വരുത്തിയ മാറ്റവും സാങ്കേതിക മികവുള്ളവർക്ക് കൂടുതൽ അവസരം നൽകിയതും മലയാളികൾക്ക് കൂടുതൽ സാദ്ധ്യതകൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ തൊഴിലാളികൾക്ക് അവരുടെ വൈദഗ്ധ്യത്തിന് അനുസൃതമായ തൊഴിൽ നൽകുന്ന ഇത്തരം രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്നും വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ളവർക്ക് കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽ ലഭ്യത സംബന്ധിച്ച വിവരങ്ങളും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

വിദേശരാജ്യങ്ങളിലെ വിശേഷിച്ച് മലയാളികൾ ഏറെയുള്ള ജി.സി.സി. രാജ്യങ്ങളിലെ മാറുന്ന തൊഴിൽ കമ്പോളങ്ങൾക്ക് അനുസൃതമായ രീതിയിൽ കുടിയേറ്റത്തിന് താൽപര്യമുള്ളവർക്ക് നൂതന സാങ്കേതിക വിദ്യാപരിശീലനം വിവിധ സാങ്കേതിക സ്ഥാപനങ്ങൾ മുഖേന നോർക്ക നൽകി വരുന്നു. വിദേശ രാജ്യങ്ങളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ വഴി വിപുലമായ രീതിയിൽ നൽകി വരുന്നുണ്ട്.

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 19.08.2024-ലെ ബി2/282/ 2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 04.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.

**ശിപാർശ – 3**

വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്കായി സുരക്ഷാസംവിധാനം ഏർപ്പെടുത്തുന്നതിനായി ഇൻഡ്യൻ സർക്കാർ 2015 മുതൽ നടപ്പിലാക്കി വരുന്ന മൈഗ്രേറ്റ് സംവിധാനം ഉണ്ടെങ്കിലും ഗൾഫ് മേഖലയിലേയ്ക്കുള്ള മനുഷ്യക്കടത്തും ചൂഷണവും അവസാനിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വിശ്രമമോ അവധിയോ ഇല്ലാതെ തൊഴിലിടങ്ങളിൽ കർശന നിന്ത്രണങ്ങൾക്ക് വിധേയരായി പീഡിപ്പിക്കപ്പെടുന്നവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നിയന്ത്രണങ്ങളും നിയമങ്ങളും കൊണ്ടുവരേണ്ടതാണെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

കുടിയേറ്റ രാജ്യങ്ങളിലെ തൊഴിൽസുരക്ഷ ഉറപ്പാക്കുന്നതിനും അതാത് രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട നിയമനിർമ്മാണ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ടി വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർതലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിദേശ തൊഴിൽ ദാതാക്കളുമായി കരാർ ഒപ്പ് വയ്ക്കുന്ന വേളയിൽ ഇത്തരം കാര്യങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പരമാവധി ശ്രദ്ധിച്ച് വരുന്നു.

കൂടാതെ തൊഴിലിടങ്ങളിൽ കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന പലവിധ പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കാനും ഇത്തരം വിഷയങ്ങളിൽ നിയമപരമായ പരിരക്ഷ ഉറപ്പാക്കാനും ഉദ്ദേശിച്ച് 1983-ലെ കുടിയേറ്റ നിയമം ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാർ കരട് ബില്ല് 2021-ൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ബില്ലിന്മേലുള്ള കേരള സർക്കാരിന്റെ അഭിപ്രായം രേഖപ്പെടുത്തി കേന്ദ്രസർക്കാരിന് നല്കിയിട്ടുമുണ്ട്.

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 19.08.2024-ലെ ബി2/282/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 04.09.2024-ലെ യോഗത്തിൽ പരിഗണിച്ച സമിതി താഴെപ്പറയും പ്രകാരം അധിക വിവരം ആരായുകയുണ്ടായി.

**സമിതി ആരാഞ്ഞ അധികവിവരം**

1983-ലെ കുടിയേറ്റ നിയമം ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാർ 2021-ൽ തയ്യാറാക്കിയ കരട് ബില്ലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ആരായുവാനും കരട് ബില്ലിന്മേൽ സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ ഒരു പകർപ്പ് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധിക വിവരത്തിന് കേരളീയപ്രവാസികാര്യ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**ശിപാർശ -4**

വിദേശത്ത്/മറുനാട്ടിൽ ക്ലേശകരമായ തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കുന്ന പ്രവാസികളും തൊഴിൽസ്ഥലങ്ങളിൽ ചതിക്കപ്പെട്ട് നാട്ടിൽ തിരിച്ചെത്താൻ കഴിയാതെ ജയിലുകളിൽ കഴിയുന്ന പ്രവാസികളും കടബാധ്യതകളിൽപ്പെട്ട് തിരികെയെത്തുന്നവരും കടുത്ത മാനസിക സമ്മർദ്ദത്തിനടിമപ്പെട്ട് ആത്മഹത്യ പ്രവണത ഉള്ളവരായി മാറുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത്തരക്കാർക്ക് വിദഗ്ദ്ധമായ കൗൺസിലിംഗ് വിദേശത്തും/മറുനാടുകളിലും നാട്ടിലും ഏർപ്പെടുത്തണമെന്നും അവരിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി ആത്മവിശ്വാസമുള്ളവരാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

പലവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് തൊഴിൽ തേടുന്നതിന് നാട്ടിലേയും വിദേശത്തേയും തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുത്തുന്നതിനായി നോർക്ക റൂട്ട്സ് ഒരു സ്കിൽ റിപ്പോസിറ്ററി ആരംഭിച്ചിരുന്നു.

കൂടാതെ മടങ്ങി വന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി വിവിധതരം സാങ്കേതിക കോഴ്സുകളും നടത്തി വരുന്നു.

പ്രവാസി കേരളീയർ വിദേശത്ത് നേരിടുന്ന നിയമപ്രശ്നങ്ങളിൽ സഹായിക്കുന്നതിന് അതാത് രാജ്യങ്ങളിലെ മലയാളി സംഘടനകളുമായി സഹകരിച്ച് പ്രവാസി നിയമസഹായ സെൽ (PLAC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജോലി സംബന്ധമായവ, പാസ്സ്പോർട്ട്, വിസ, മറ്റ് സാമൂഹ്യപ്രശ്നങ്ങൾ, ശിക്ഷ, ജയിൽവാസം എന്നിവയുമായി ബന്ധപ്പെട്ട സഹായങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 19.08.2024-ലെ ബി2/282/ 2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 04.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.

**ശിപാർശ -5**

പ്രവാസി ജീവിതം മതിയാക്കി കേരളത്തിൽ താമസമാക്കിയവരിൽ വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ദുരിതമനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക് അവരുടെ/കുടുംബാംഗങ്ങളുടെ ചികിത്സാചെലവുകൾ, പെൺമക്കളുടെ വിവാഹവുമായി ബന്ധപ്പെട്ട ചെലവുകൾ, മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തരധനസഹായം തുടങ്ങിയവ നല്കുന്ന പദ്ധതിയാണ് സാന്ത്വന. എന്നാൽ ഈ പദ്ധതി പ്രകാരം ചികിത്സാധനസഹായം ലഭിച്ചിട്ടുള്ള പ്രവാസി മരണപ്പെടുന്ന പക്ഷം മരണാനന്തര ധനസഹായം ആശ്രിതർക്ക് നിർബന്ധമായും ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

സാന്ത്വന പദ്ധതി ഒറ്റതവണ ധനസഹായ പദ്ധതിയാണ്. ചികിത്സാ ധനസഹായത്തിനായി അപേക്ഷിക്കുന്നയാൾ ആ കാലയളവിൽ മരണപ്പെട്ടാൽ ചികിത്സാ ധനസഹായം ഉത്തരവാകാത്ത കേസുകളിന്മേൽ മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ ആശ്രിതർക്ക് അനുവദിച്ചു വരുന്നു.

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 19.08.2024-ലെ ബി2/282/ 2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 04.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.

## അധ്യായം – II

### റിപ്പോർട്ടിൽ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശയിന്മേലുള്ള അധികവിവരെ സംബന്ധിച്ച വിശദാംശം

#### സമിതി ആരാഞ്ഞ അധിക വിവരം (ശിപാർശ –3)

"1983-ലെ കുടിയേറ്റ നിയമം ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാർ 2021-ൽ തയ്യാറാക്കിയ കരട് ബില്ലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ആരായുവാനും കരട് ബില്ലിന്മേൽ സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ ഒരു പകർപ്പ് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു."

സമിതി (2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ 3-ന്മേൽ സമിതിയുടെ 04.09.2024-ലെ യോഗം ആരാഞ്ഞ അധികവിവരത്തിന് കേരളീയ പ്രവാസികാര്യ വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ സമിതി ആരാഞ്ഞ അധിക വിവരം സംബന്ധിച്ച വിശദാംശം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ.സി. മൊയ്തീൻ,
ചെയർപേഴ്സൺ,
പ്രവാസി മലയാളികളുടെ ക്ഷേമം
സംബന്ധിച്ചസമിതി.

തിരുവനന്തപുരം,
18 ആഗസ്റ്റ്, 2025.